ഖുത്ബ
2.7.2004
ബൈത്തുൽ ഇസ്ലാം പള്ളി
ഒന്റാറിയോ, കാനഡ

بسم الله الرحمن الرحيم

# ഭാര്യയെ മർദിക്കുന്നവൻ ഭീരുവും പൗരുഷമില്ലാത്തവനുമാണ്.

---

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

അവർ ഇങ്ങനെ പറയുന്നു: ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്താനങ്ങളിൽനിന്നും ഞങ്ങൾക്കു നീ കൺകുളിർമ നല്കേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമേ. (25:75)

അല്ലാഹുതആല പുരുഷന്മാരെ ശക്തികളുടെ അടിസ്ഥാനത്തിൽ ബലവാന്മാരാക്കിയിരിക്കുന്നു. ശാരീരികമായി അവരെ ബലവാന്മാരാക്കിയതുകൊണ്ട് അവരുടെ ഉത്തരവാദിത്തവും കടമകളും സ്ത്രീകളെക്കാൾ അധികമാണ്. അവരിൽനിന്ന് കടമകൾ കൂടുതൽ നിറവേറ്റപ്പെടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആരാധനാ കർമ്മങ്ങളിലും സ്ത്രീകളെ അപേക്ഷിച്ച് കൂടുതൽ അവസരങ്ങൾ അവർക്ക് നല്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവർക്ക് വീടിന്റെ മേധാവിത്വവുമുണ്ട്. അക്കാരണത്താൽതന്നെ ഭർത്താവെന്നനിലയിലും പിതാവെന്ന നിലയിലും പ്രധാനപ്പെട്ട ചില ഉത്തരവാദിത്തങ്ങളും അവരിൽ ചുമത്തപ്പെട്ടിരിക്കുന്നു. അവയിൽ ചിലത് ഞാൻ പറയുന്നതാണ്. ഈ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനുവേണ്ടി നന്മയിലും തഖ്‌വയിലും നിലകൊള്ളാനും നിങ്ങളുടെ വീട്ടുകാരേയും ഭാര്യമാരേയും മക്കളേയും തഖ്‌വയിൽ നിലനിറുത്തുന്നതിനുവേണ്ടി നിങ്ങൾ മാതൃകയാകാനും അവരോട് കല്പിച്ചിരിക്കുന്നു. അതിനുവേണ്ടി നിങ്ങളുടെ റബ്ബിൽ നിന്ന് സഹായം തേടാനും അവന്റെ മുമ്പിൽ താഴ്മയായി യാചിക്കാനും 'അല്ലാഹുവേ, നിന്റെ തൃപ്തിയുടെ മാർഗ്ഗത്തിലൂടെ ഞങ്ങളെ എപ്പോഴും നയിച്ചുകൊണ്ടിരിക്കേണമേ, വീടിന്റെ കാര്യസ്ഥനെന്ന നിലയിൽ ഒരു ഭർത്താവ് അല്ലെങ്കിൽ ഒരു പിതാവ് ചെയ്യേണ്ടതായ കടമകൾ ചെയ്യാതിരിക്കുകയും അങ്ങനെ നിന്റെ വെറുപ്പിന് കാരണമായിത്തീരുകയും ചെയ്യുന്ന ഒരു സമയവും ഉണ്ടാവരുതേ' എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കാനും പറഞ്ഞിരിക്കുന്നു. മനുഷ്യൻ സത്യഹൃദയത്തോടെ ഇങ്ങനെ പ്രാർത്ഥിക്കുകയും തന്റെ കർമ്മങ്ങൾ കൊണ്ട് ആ നില കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അല്ലാഹുതആല അത്തരം വീടുകളെ നശിപ്പിക്കുകയോ അത്തരക്കാരുടെ ഭാര്യമാർ അവർക്ക് ദുഃഖത്തിന് കാരണക്കാരികളാകുകയോ അവരുടെ മക്കൾ അവരുടെ ദുഷ്പ്പേരിന് കാരണക്കാരാകുകയോ ഇല്ല. ആ വീട് സ്വർഗ്ഗത്തിന്റെ കാഴ്ചകൾ പ്രദർശിപ്പിക്കുകയും ചെയ്യും. ഹസ്റത്ത് അഖ്ദസ് മുഹമ്മദു മുസ്തഫാ (സ) ഈ നില കരസ്ഥമാക്കുന്നതിനുവേണ്ടി എന്തുമാതൃകയും എന്ത് ഉപദേശവുമാണ് തന്നിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ഞാനിപ്പോൾ പറയുന്നതാണ്.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. നബി (സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. 'നിങ്ങളെല്ലാവരും മേൽനോട്ടക്കാരാണ്. ഓരോരുത്തരും അവരുടെ ഉത്തരവാദിത്തത്തെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. ഇമാം മേൽനോട്ടക്കാരനാണ്. അദ്ദേഹത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് അദ്ദേഹം ചോദ്യം ചെയ്യപ്പെടുന്നതാണ്. പുരുഷൻ തന്റെ വീട്ടുകാരുടെ മേൽനോട്ടക്കാരനാണ്. അവനോട് അവന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. സ്ത്രീ തന്റെ ഭർതൃഭവനത്തിന്റെ മേൽനോട്ടക്കാരിയാണ്. അവൾ അവളുടെ ഉത്തരവാദിത്തത്തെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. തൊഴിലാളി തന്റെ മുതലാളിയുടെ സ്വത്തിന്റെ മേൽനോട്ടക്കാരനാണ്. അവൻ അവന്റെ ഉത്തരവാദിത്തത്തെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്.' പുരുഷൻ തന്റെ പിതാവിന്റെ സ്വത്തിന്റെ മേൽനോട്ടക്കാരനാണെന്നും അവന്റെ ഉത്തരവാദിത്തത്തെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടുന്നതാണെന്നും നബി (സ) തിരുമേനി പറഞ്ഞതായി എനിക്കു തോന്നുന്നുവെന്നും നിവേദകൻ പറയുന്നു. നിങ്ങളിലോരോരുത്തരും മേൽനോട്ടക്കാരാണ്. നിങ്ങളുടെ ഉത്തരവാദിത്തത്തെ സംബന്ധിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്.

ഈ നിവേദനത്തിൽ വിവിധ വിഭാഗങ്ങളെക്കുറിച്ചും അവർ അവരവരുടെ ചുറ്റുവട്ടത്തിന്റെ മേൽനോട്ടക്കാരാണ് എന്നതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. എന്നാൽ, ഇപ്പോൾ ഞാൻ പുരുഷന്മാരെ

ക്കുറിച്ചാണ് പറയുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് അല്പം വിശദീകരിക്കാനാഗ്രഹിക്കുന്നു. പുരുഷന്മാർക്ക് വീടിനുവെളിയിലുള്ള ഉത്തരവാദിത്തമാണെന്നും, അവരുടെ തൊഴിലുകളിൽ അവർ മുഴുകിയിരിക്കുകയാണെന്നും അതുകൊണ്ട് വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കാൻ പറ്റുകയില്ലെന്നും, കുട്ടികൾ തുടങ്ങി എല്ലാ ഉത്തരവാദിത്തവും സ്ത്രീകളുടേതാണെന്നുമുള്ള ചിന്താഗതിയാണ് ഇന്ന് പൊതുവെയുള്ളത്. എന്നാൽ വീടിന്റെ കാര്യസ്ഥനെന്നനിലയിൽ അതിന്റെ മേൽനോട്ടം വഹിക്കേണ്ട ഉത്തരവാദിത്തം പുരുഷനാണെന്നുള്ള കാര്യം ഓർക്കുക. ഭാര്യയോടുള്ള കടമകളും മക്കളോടുള്ള കടമകളും നിറവേറ്റുക. അവർക്കും സമയം നല്കുക. അവരോടൊപ്പവും കുറച്ചു സമയം ചെലവഴിക്കുക; ആഴ്ച്ചയുടെ അവസാനത്തെ രണ്ടുദിവസമായാലും ശരി. അവരെ പള്ളിയുമായി ബന്ധിപ്പിക്കുക. ജമാഅത്തിന്റെ പരിപാടികളിലേക്ക് അവരെ കൊണ്ടുവരിക. അവരോടൊത്ത് സന്തോഷകരമായ പരിപാടികൾ സംഘടിപ്പിക്കുക. അവരുടെ പ്രശ്നങ്ങൾ ഒരു സുഹൃത്തെന്ന നിലയിൽ നിങ്ങളുടെ മുമ്പിൽ അവർക്ക് സമർപ്പിക്കാൻ കഴിയുന്നതിനുവേണ്ടി നിങ്ങൾ അവരുടെ താൽപര്യങ്ങളിൽ പങ്കാളികളാകുക. ഭാര്യമാരോട് അവരുടെ പ്രശ്നങ്ങളും കുട്ടികളുടെ പ്രശ്നങ്ങളും ചോദിച്ചുമനസ്സിലാക്കുക. അതകറ്റുന്നതിനുവേണ്ടി ശ്രമിക്കുക. അപ്പോഴാണ് കാര്യസ്ഥനെന്ന നില നിങ്ങൾക്കുണ്ടാകുന്നത്. കാരണം ഒരുകാര്യസ്ഥൻ തന്റെ പരിധിയ്ക്കുള്ളിൽ വസിക്കുന്നവരുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയുന്നില്ലെങ്കിൽ അയാൾ ഉത്തമനായ കാര്യസ്ഥനാണെന്ന് പറയപ്പെടുകയില്ല. അതുകൊണ്ട് തന്റെ ചുറ്റുവട്ടത്തെ പ്രശ്നങ്ങൾ അറിയുന്നവനാണ് ഏറ്റവും ഉത്തമനായ കാര്യസ്ഥൻ. എന്നാൽ, തങ്ങളുടെ ഉത്തരവാദിത്തങ്ങളിൽ നിന്ന്, മേൽനോട്ടത്തിന്റെ വൃത്തത്തിൽനിന്ന് പിന്മാറാനാഗ്രഹിക്കുകയോ, കണ്ണടയ്ക്കുകയോ ചെയ്യുന്നവരുടെ എണ്ണം വർധിച്ചുവരുന്നുവെന്നത് ആശങ്കാജനകമായ കാര്യമാണ്; അവർ തങ്ങളുടേതായ ലോകത്ത് ഉന്മത്തരായി ജീവിക്കാൻ ശ്രമിക്കുന്നു. സത്യവിശ്വാസിക്ക്, ഒരഹ്മദിക്ക് ഇക്കാര്യവുമായി വിദൂര ബന്ധം പോലും ഉണ്ടാകാൻ പാടില്ല. ഭൗതികമായ കാര്യങ്ങൾ അവിടെ നില്ക്കട്ടെ, തന്റെ ചുറ്റുപാടുകളെക്കുറിച്ച് ഒരു ബോധവുമില്ലാതെ അല്ലാഹുവിനോടുള്ള ആരാധനാ കർമ്മങ്ങളിൽ മാത്രം മുഴുകുകയും അതിൽതന്നെ ലയിക്കുകയും അതു സ്ഥിരമായ ശീലമാക്കുകയും, തന്റെ ഭാര്യാമക്കളോടും തന്നെ കാണാൻ വരുന്നവരോടുമുള്ള കടമ നിറവേറ്റാതിരിക്കുകയും തന്റെ സമൂഹത്തിനോടുള്ള ഉത്തരവാദിത്തം പൂർണ്ണമാക്കാതിരിക്കുകയും ചെയ്യുന്നതും തെറ്റാണെന്നാണ് സത്യവിശ്വാസികളോടുള്ള കല്പന. ഇങ്ങനെ തഖ്‌വയുടെ ഉന്നതമായ നില നിലനില്ക്കുകയില്ല. ഈ നില കരസ്ഥമാക്കണമെങ്കിൽ അല്ലാഹുവിനോടുള്ള കടമയും അല്ലാഹുവിന്റെ ദാസരോടുള്ള കടമയും നിറവേറ്റണം.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു അംറിബ്നു ആസ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നബി (സ) എന്നോടു ചോദിച്ചു. 'ഏ അബ്ദുല്ലാഹ്, എന്നോടു പറയപ്പെട്ടത് ശരിയാണോ? നീ രാത്രി മുഴുവൻ നമസ്കരിക്കുകയും എല്ലാ ദിവസവും പകൽ വ്രതമനുഷ്ഠിക്കുകയും ചെയ്യുന്നുവെന്ന് എനിക്ക് വിവരം ലഭിച്ചല്ലോ? ഞാൻ പറഞ്ഞു: പ്രാവാചകരേ! അത് ശരിയാണ്. നബി (സ) പറഞ്ഞു: നീ അങ്ങനെ ചെയ്യരുത്. നീ വ്രതമനുഷ്ഠിക്കുകയും അത് മുറിക്കുകയും ചെയ്യുക. അപ്രകാരം തന്നെ നീ ഉറങ്ങുകയും എഴുന്നേറ്റു നമസ്കരിക്കുകയും ചെയ്യുക. നിശ്ചയം, നിന്റെ ശരീരത്തോട് നിനക്ക് ചില ബാദ്ധ്യതകളുണ്ട്. നിന്റെ കണ്ണിനോടും നിനക്ക് ചില കർത്തവ്യങ്ങളുണ്ട്. നിന്റെ ഭാര്യയോടും നിനക്ക് ചില കടമകളുണ്ട്. അപ്രകാരം തന്നെ നിന്നെ സന്ദർശിക്കുന്നവരോടും നിനക്ക് ചില ഉത്തരവാദിത്തങ്ങളുണ്ട്.'

നബി (സ) തിരുമേനി ഒരു കുടുംബനായകൻ എന്ന നിലയിൽ വീട്ടിലുള്ളവരോടുള്ള കടമ എങ്ങനെയാണ് നിറവേറ്റിയിരുന്നത്. ഇതു സംബന്ധമായി ഹസ്റത്ത് അസ്‌വദ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി വീട്ടിൽ എന്തൊക്കെ ചെയ്യുമായിരുന്നുവെന്ന് ഞാൻ ഹസ്റത്ത് ആയിശ (റ) യോട് ചോദിച്ചു. അവർ പറഞ്ഞു: നബി (സ) വീട്ടുകാരുടെ സേവനത്തിൽ മുഴുകിയിരുന്നു. നമസ്കാരസമയമായാൽ നമസ്കാരത്തിനായി പോകുമായിരുന്നു.

നബി (സ) യെക്കാൾ വലിയ തിരക്കുള്ളവരും, ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവരും ആരാണ്? എന്നാൽ, നോക്കുക. നബി (സ) യുടെ ജീവിതമാതൃകയെന്താണ്. വീട്ടുകാര്യങ്ങളിൽ എത്രയധികം താൽപര്യമാണുള്ളത്. വീട്ടിലെ ജോലികളും ചെയ്യുന്നു, മറ്റുള്ളകാര്യങ്ങളിലും പങ്കെടുക്കുന്നു. അവിടന്ന് പറയാറുണ്ടായിരുന്നു: നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ വീട്ടുകാരോട് നല്ല നിലയിൽ പെരുമാറുന്നവനാണ്. ഞാൻ നിങ്ങളെക്കാൾ ഉപരി എന്റെ വീട്ടുകാരോട് നല്ല നിലയിൽ പെരുമാറുന്നവനാണ്.

നാം ആത്മപരിശോധന നടത്തേണ്ടതാണ്. ഈ മനോഹരമായ മാതൃകയനുസരിച്ച്, ഈ ജീവിതചര്യയനുസരിച്ച് നാം പ്രവർത്തിക്കാറുണ്ടോ? ചില പരാതികളും ലഭിക്കാറുണ്ട്. ഒരാൾ വീട്ടിൽ കസേരയിലിരുന്ന് പത്രം വായിക്കുകയാണ്. അയാൾക്ക് ദാഹമുണ്ടായി. ഫ്രിഡ്ജിൽ നിന്ന് വെള്ളമോ ജ്യൂസോ എടുത്തു കൊണ്ടുവരാൻ ഭാര്യയോട് അയാൾ വിളിച്ചു പറഞ്ഞു. വാസ്തവത്തിൽ അയാളുടെ അടുത്തുതന്നെയാണ് ഫ്രിഡ്ജുള്ളത്. സ്വയം എടുത്ത് കുടിക്കാവുന്നതേയുള്ളൂ. എന്തെങ്കിലും ജോലിത്തിരക്കുകൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ

ഭാര്യ വെള്ളമെടുത്തുകൊടുക്കാൻ അല്പം താമസിച്ചാൽഉടൻ ഗർജിക്കാനും ബഹളം വെക്കാനും തുടങ്ങുന്നു.

നബി (സ) യോട് നമുക്ക് സ്നേഹമുണ്ടെന്ന വാദമാണ് ഒരുഭാഗത്ത്. മറു ഭാഗത്ത് നാം ചെയ്യുന്നതെന്താണ്. ചെറിയ തോതിലുള്ള സൽസ്വഭാവം പോലും സ്വായത്തമാക്കുന്നില്ല. ഒരുപാട് ഉദാഹരണങ്ങൾ ഇതു സംബന്ധമായി ലഭിക്കുന്നുണ്ട്. ചോദിച്ചാൽ, ഭാര്യയെ ശിക്ഷിക്കാൻ ഖുർആൻ ഞങ്ങൾക്ക് അനുവാദം നല്കുന്നുവെന്ന് പറയും. നിങ്ങൾ ചെയ്യുന്ന ഇത്തരം കാര്യങ്ങൾക്ക് ഖുർആൻ ഒരു അനുവാദവും തരുന്നില്ലെന്ന കാര്യവും വ്യക്തമായി മനസ്സിലാക്കുക. നിങ്ങളുടെ വ്യക്തിഗതമായ താല്പര്യമനുസരിച്ച് ഖുർആന് ചീത്തപ്പേരുണ്ടാക്കാതിരിക്കുക. കുടുംബപരമായ ജീവിതത്തെസംബന്ധിച്ച് ഹസ്റത്ത് ആയിശ (റ) പറയുന്ന സാക്ഷ്യമിതാണ്. നബി (സ) തിരുമേനി എല്ലാവരെക്കാളും മൃദു ഹൃദയനും ഏറ്റവും അടുത്തയാളും സാധാരണക്കാരനെപ്പോലെ ഒരുമടിയും കൂടാതെ വീട്ടിൽ കഴിയുന്നയാളുമായിരുന്നു. അവിടന്ന് ഒരിക്കലും മുഖം കറുപ്പിച്ചിട്ടില്ല. എപ്പോഴും മന്ദസ്മിതനായിരുന്നു. തന്റെ ജീവിതത്തിലൊരിക്കലും നബി (സ) തന്റെ ഭാര്യമാരുടെ മേൽ കൈ ഉയർത്തിയിട്ടില്ല. ഒരു സേവകനേയും മർദിച്ചിട്ടുമില്ല. സേവകനോടുപോലും ഒന്നും ദേഷ്യത്തിൽ പറഞ്ഞിട്ടില്ല.

എന്നാൽ ഇന്ന് നോക്കുക. നിസ്സാര കാര്യങ്ങളുടെ പേരിൽ സ്ത്രീകളെ അടിയ്ക്കുന്നു. വാസ്തവത്തിൽ സ്ത്രീകളെ ശിക്ഷിക്കാൻ പറഞ്ഞിട്ടുള്ളിടത്ത് ഒരുപാട് നിബന്ധനകളുണ്ട്. സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാനനുവാദമില്ല. നിബന്ധനയോടു കൂടിയ അനുവാദമാണിത്. ഈ ശിക്ഷ നിറവേറ്റേണ്ടിവരാൻ ഇടയായേക്കാവുന്ന ഏതെങ്കിലും ഒരഹ്മദി സ്ത്രീ എവിടെയെങ്കിലും ഉണ്ടാകുമായിരിക്കാം. അതുകൊണ്ട് തന്ത്രങ്ങൾ തിരഞ്ഞുനടക്കുന്നതിനുപകരം പുരുഷന്മാർ തങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കുക. സ്ത്രീകളോടുള്ള കടമനിറവേറ്റുക. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ.

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعْضَهُمْ
عَلَىٰ بَعْضٍ وَبِمَآ أَنفَقُوا۟ مِنْ أَمْوَٰلِهِمْ ۚ فَٱلصَّٰلِحَٰتُ
قَٰنِتَٰتٌ حَٰفِظَٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُ ۚ وَٱلَّٰتِى تَخَافُونَ
نُشُوزَهُنَّ فَعِظُوهُنَّ وَٱهْجُرُوهُنَّ فِى ٱلْمَضَاجِعِ
وَٱضْرِبُوهُنَّ ۖ فَإِنْ أَطَعْنَكُمْ فَلَا تَبْغُوا۟ عَلَيْهِنَّ
سَبِيلًا ۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا

അതായത് പുരുഷന്മാർ സ്ത്രീകളുടെമേൽ രക്ഷാധികാരമുള്ളവരാണ്. അല്ലാഹു അവരിൽ ചിലർക്ക് ചിലരേക്കാൾ ചിലമേന്മകൾ നല്കിയതുകൊണ്ടും അവർ തങ്ങളുടെ ധനത്തിൽ നിന്ന് ചെലവ് ചെയ്യുന്നുവെന്നുള്ളതുകൊണ്ടു മാണിത് (മടിയരായി വീട്ടിൽ കുത്തിയിരിക്കുന്നവർ ഒരിക്കലും രക്ഷാധികാരിയായിരിക്കില്ല.) അതിനാൽ സച്ചരിതകളായ സ്ത്രീകൾ, അനുസരണശീലമുള്ള വരും അല്ലാഹു സംരക്ഷിച്ചവിധം (തങ്ങളുടെ ഭർത്താക്കന്മാരുടെ) രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ്. ഏത് സ്ത്രീകളിൽനിന്ന് നിങ്ങൾ അനുസരണക്കേട് (ഉണ്ടാകുമെന്ന്) ആശങ്കിക്കുന്നുവോ അവരെ നിങ്ങൾ അദ്യമായി ഉപദേശിക്കുക. (അതുഫലിച്ചില്ലെങ്കിൽ) ശയ്യാതലങ്ങളിൽ അവരെ വേർപെടുത്തുക. പിന്നീട് ആവശ്യം വരുകയാണെങ്കിൽ ശാരീരികമായ ശിക്ഷയും നൽകുക. എന്നിട്ട് അവർ നിങ്ങളെ അനുസരിച്ചുകഴിഞ്ഞാൽ പിന്നെ അവർക്കെതിരിൽ നിങ്ങൾ ഒരുതന്ത്രവും അനേഷിച്ചുനടക്കരുത്. തീർച്ചയായും അല്ലാഹു അത്യുന്നതനും മഹത്വമുള്ളവനുമാകു ന്നു. (4:35)

ധിക്കാരപരമായ നടപടിയിൽ നിന്ന് അവർ പിന്തിരിഞ്ഞാൽ അവരെ ശിക്ഷിക്കാനുള്ള തന്ത്രം തിരഞ്ഞുനടക്കരുതെന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. തഖ്വയില്ലാത്ത അത്തരം പ്രവർത്തികൾചെയ്താൽ നിങ്ങളാണ് സർവ്വവും എന്ന് നിങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ, നിങ്ങളുടെ മുമ്പിൽ സ്ത്രീകൾക്ക് ഒരു വിലയുമില്ലെങ്കിൽ നിങ്ങളുടെ ഈ പ്രവൃത്തി കാരണത്താൽ അല്ലാഹുവിന് നിങ്ങളെ പിടിച്ചൊതുക്കാനുള്ള കഴിവുണ്ടെന്നുള്ള കാര്യം നിങ്ങൾ ഓർത്തുകൊള്ളുക. അതുകൊണ്ട് ശിക്ഷയെ സംബന്ധിച്ച് എന്താണോ പറഞ്ഞിട്ടുള്ളത് അതനുസരിച്ച് പ്രവർത്തിക്കുക. നന്നാകുന്ന ഒരുവശവും കാണാതെ വരുമ്പോൾ, സ്ത്രീ തന്റെ സ്വഭാവത്തിൽ ഒരുമാറ്റവും വരുത്താതെ അതുതന്നെചെയ്തുവരികയാണെങ്കിൽ, അപ്പോഴാണ് ശിക്ഷകൊടുക്കാനുള്ള കല്പന. അല്ലാതെ നിസ്സാരകാര്യങ്ങളെന്തെങ്കിലും ഉണ്ടായാലുടനെ കൈപൊക്കുക, അടിക്കുക എന്നതല്ല. അക്രമികളായികൊണ്ട് അടവുകൾ പ്രയോഗിച്ച് മാന്യയായസ്ത്രീയെ ധിക്കാരികളുടെ കൂട്ടത്തിൽപ്പെടുത്തി ശിക്ഷിക്കുന്നവരുമാകരുത്. അത്തരം പുരുഷന്മാർ ഓർമിക്കുക. ജമാഅത്തിന്റെ മുമ്പിൽ ഇത്തരം പ്രശ്നം വന്നാൽ തീർച്ചയായും ശിക്ഷകൊടുക്കു ന്നതാണ്. ശിക്ഷിക്കാൻ വേണ്ടി വിശുദ്ധ ഖുർആന് ദുഷ്പ്പേരുണ്ടാക്കാതിരിക്കുക. സ്വയം നന്നാകാൻ ശ്രമിക്കുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പരിപൂർണ്ണ സന്മാർഗ്ഗദർശകനായ നമ്മുടെ നബി (സ) തിരുമേനി പറഞ്ഞിരിക്കുന്നു. ഖയ്റുക്കും ഖയ്റുക്കും ലി അഹ്ലിഹി. നിങ്ങളിൽ ഉത്തമൻ തന്റെ

വീട്ടുകാരോട് നല്ലരീതിയിൽ പെരുമാറുന്നവനാണ്. ഭാര്യയോട് നല്ലരീതിയിൽ പെരുമാറാത്തവൻ നല്ലവനാകുന്നതെ ങ്ങനെ?. അവൻ മറ്റുള്ളവരോട് എങ്ങനെയാണ് നല്ലരീതിയിൽ പെരുമാറാൻ കഴിയുക."

(പുറത്തുനല്ലവനായികാണുന്നവനിലും ഈ ന്യൂനത ഉണ്ടാകാറുണ്ട്. അതുകൊണ്ട് സമൂഹവും ഇക്കാര്യങ്ങളിൽ ചിന്തിക്കേണ്ടതാണ്. ബാഹ്യമായ കാര്യങ്ങൾ വിലയിരുത്തരുത്.)

മസീഹ് മൗഊദ് (അ) പറയുന്നു: 'ഭാര്യയോട് നല്ല നിലയിൽ പെരുമാറുകയും നല്ലനിലയിൽ ജീവിക്കുകയും ചെയ്യേണ്ടതാണ്.' അല്ലാതെ നിസ്സാരകാര്യങ്ങൾക്ക് അവരെ മർദിക്കാൻപാടില്ല. എന്നാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ചിലപ്പോൾ ക്ഷുഭിതനായമനുഷ്യൻ, ഭാര്യയിൽ നിന്നുണ്ടാകുന്ന നിസ്സാരകാര്യത്തെ വെറുത്തു കൊണ്ട് അവളെ അടിക്കുന്നു. മർമ്മസ്ഥാനത്ത് അതുകൊള്ളുന്നു. അവൾ മരിക്കുന്നു. അതുകൊണ്ട് അവരെക്കുറിച്ച് അല്ലാഹുപറഞ്ഞു. '*വ ആശിറൂഹുന്ന ബിൽ മഅ്റൂഫ്*' അവരോട് മാന്യമായ നിലയിൽപെരുമാറുക. അനാവശ്യകാര്യം ചെയ്താൽ താക്കീതു ചെയ്യേണ്ടത് നിർബന്ധമാണ്.

നബി (സ) ഭാര്യാഭർത്താക്കന്മാരെ പരസ്പരം നല്ല ഗുണങ്ങൾ നോക്കികാണണമെന്ന് ഉപദേശിച്ചു കൊണ്ട് പറഞ്ഞു: നിങ്ങളിലൊരാൾ മറ്റൊരാളുടെ ന്യൂനത കാണുന്നെങ്കിൽ, അല്ലെങ്കിൽ അയാൾക്ക് ഏതെങ്കിലും പ്രവർത്തനത്തോട് വെറുപ്പുണ്ടെങ്കിൽ, നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റുപലകാര്യങ്ങളും അയാളിലുണ്ടാകും. അത് നിങ്ങൾക്ക് നല്ലതായി അനുഭവപ്പെടുകയും ചെയ്യും. ആ ഇഷ്ടപ്പെട്ട കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട്, ത്യാഗത്തിന്റെ വശം സ്വായത്തമാക്കികൊണ്ട് ഇണക്കത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കേണ്ടതാണ്. പരസ്പരം രഞ്ജിപ്പിന്റെ അന്തരീക്ഷമുണ്ടാക്കേണ്ട താണ്. ഭാര്യാ ഭർത്താന്മാർക്കുള്ള ഉപദേശമാണിത്. അവരിരുവരും തങ്ങളുടെ വികാരാവേശം നിയന്ത്രിച്ചുനിർത്തുകയാണെങ്കിൽ വീട്ടിലുണ്ടാകുന്ന ചെറിയ ചെറിയ വഴക്കുകൾ ഒഴിവാക്കാവുന്നതാണ്. കുട്ടികളും നശിച്ചുപോകുകയില്ല. നിസ്സാരകാര്യങ്ങൾ ചിലപ്പോൾ കഠിനമായ ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയിലേക്ക് വരെ എത്തിച്ചേരാറുണ്ട്. മനുഷ്യരെന്ന് പറയുമെങ്കിലും മൃഗത്തെക്കാൾ ദുഷിച്ചവരായ ഇത്തരക്കാരും ഈ ലോകത്തുണ്ടല്ലോ എന്നുചിന്തിച്ചുപോകും

നബി (സ) തിരുമേനിയോടൊപ്പം ഏകദേശം പതിനഞ്ചുവർഷം ജീവിച്ചതിനുശേഷം നബി (സ) തിരുമേനിക്ക് ആദ്യമായി ദിവ്യബോധനമുണ്ടായ സന്ദർഭത്തിൽ ഹസ്റത്ത് ഖദീജ (റ) നല്കിയ സാക്ഷ്യമെന്താണ്. ഹസ്റത്ത് ഖദീജ (റ) പറഞ്ഞു: അല്ലാഹുവാണെ, അങ്ങയുടെ ജീവന് ഒരാപത്തും സംഭവിക്കുകയില്ല. അല്ലാഹു ഒരിക്കലും അങ്ങയെ ദുഃഖിപ്പിക്കുകയില്ല. അങ്ങ് ബന്ധുക്കളോടുള്ള ബാധ്യതകൾ നിറവേറ്റുന്നു. ജനങ്ങളുടെ ഭാരം സ്വയം ഏറ്റെടുക്കുന്നു. പാവങ്ങളെയും അഗതിക ളെയും സഹായിക്കുന്നു. ഇല്ലാതായിപോകുന്ന നന്മകളെ ജീവിപ്പിച്ചു നിറുത്തുന്നയാളാണ്. സത്യം പറയുന്ന കാരണത്താൽ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും സത്യത്തിന്റെ സഹായി യുമാണ്. അതായത് സത്യമായ കാര്യം തന്നെ പറയുന്നു. അങ്ങ് അതിഥികൾക്ക് ആതിഥ്യ മരുളുകയും ചെയ്യുന്നു.

ഒരുമനുഷ്യനിലുണ്ടായിരിക്കേണ്ട പ്രത്യേകത കൾ, പ്രത്യേകിച്ച് പരിശുദ്ധമായ ഒരുസമൂഹ മുണ്ടാകാൻ ഒരു പുരുഷനിൽ എന്തെല്ലാം വിശേഷ ഗുണങ്ങളാണോ ഉണ്ടായിരിക്കേണ്ടത് അതാണ് ഹസ്റത്ത് ഖദീജ (റ) നബിതിരുമേനി (സ) യെക്കുറിച്ച് പറഞ്ഞത്. അതായത് പ്രിയപ്പെട്ടവരോടും ബന്ധുക്കളോടുമുള്ള സൽപ്പെരുമാറ്റം, ബന്ധുക്കളെ ക്കുറിച്ചുള്ള ചിന്ത, അവരുടെ ആവശ്യങ്ങളെക്കുറി ച്ചുള്ള വിചാരം, അവരുടെ ബുദ്ധിമുട്ടുകൾ അകറ്റു ന്നതിനുള്ള പരിശ്രമം തുടങ്ങിയവ. ഇതിൽ പ്രിയപ്പെ ട്ടവരോടും ബന്ധുക്കളോടുമുള്ള സൽപ്പെരുമാറ്റം വിശാലമായ അർത്ഥമുൾക്കൊള്ളുന്ന ഒന്നാണ്. ഭർത്താവിന്റെ സ്വന്തം ആൾക്കാരോടുള്ള കടമകൾ പോലെ തന്നെയാണ് ഭാര്യയുടെ ബന്ധുക്കളോടു മുള്ളത്. സ്വന്തം ആൾക്കാരോട് നല്ലരീതിയിൽ പെരുമാറുന്നതുപോലെ അവരോടും നല്ലരീതിയിൽ പെരുമാറേണ്ടത് നിർബന്ധമാണ്. ഈ ശീലമുണ്ടാ യാൽ, രണ്ടുഭാഗത്തേക്കും സൽപ്പെരുമാറ്റത്തിന്റെ ഈ മാതൃക നിലവിൽ വന്നാൽ പിന്നെന്തെങ്കിലും വഴക്കും വക്കാണവും ആ വീട്ടിലുണ്ടാകുമോ?. ഒരിക്കലും ഉണ്ടാകുകയില്ല. കാരണം മിക്ക കുഴപ്പങ്ങളും ഉണ്ടാകുന്നത് ഇത്തരം നിസ്സാരകാര്യ ങ്ങളിൽനിന്നാണ്. എന്തെങ്കിലും ചെറിയ പ്രശ്നമു ണ്ടായി മാതാപിതാക്കളിൽ നിന്ന് എന്തെങ്കിലും വിരോധം പ്രകടമാകുന്നു. ഉമ്മയോ ബാപ്പയോ എന്തെങ്കിലും തമാശപറഞ്ഞു. അത് ചിലർക്ക് ഇഷ്ടപ്പെട്ടില്ല. ഉടനെ പറയാൻ തുടങ്ങി, ഞാൻ നിന്റെ ഉമ്മയോട് മിണ്ടില്ല. നിന്റെ ബാപ്പയോട് മിണ്ടില്ല, നിന്റെ സഹോദരങ്ങളോട് മിണ്ടില്ല. പിന്നെ അങ്ങും ഇങ്ങും ഓരോന്ന് പഴിച്ച് പറയാൻ തുടങ്ങുന്നു. ഇത്തരം ബാലിശമായ കാര്യങ്ങളാണ് പിന്നീട് വൻ കലാപങ്ങളുടെ അടിത്തറയായി തീരുന്നത്.

നബി (സ) തിരുമേനി ഏതു രീതിയിലാ യിരുന്നു തന്റെ ഭാര്യമാരുടെ ബന്ധുക്കളോടും കൂട്ടുകാരികളോടും നല്ലനിലയിൽ പെരുമാറിയി രുന്നത്. ഒരുപാട് ഉദാഹരണങ്ങളിൽ നിന്ന് ഒരെണ്ണം ഞാൻ പറയാം. നിവേദകൻ പറയുന്നു: ഹസ്റത്ത് ഖദീജ (റ) യുടെ സഹോദരി ഖാലയുടെ ശബ്ദം കേട്ടാലുടൻ നബി (സ) തിരുമേനി എഴുന്നേറ്റ് നിന്ന്

അവരെ സ്വാഗതം ചെയ്യുമായിരുന്നു. ഖദീജയുടെ സഹോദരി ഖാല വന്നിരിക്കുന്നുവെന്ന് സന്തോഷത്തോടെ പറയുമായിരുന്നു. വീട്ടിൽ മൃഗത്തെ അറുക്കുമ്പോൾ അതിന്റെ ഓഹരി ഹസ്റത്ത് ഖദീജ (റ) യുടെ കൂട്ടുകാരികൾക്ക് കൊടുത്തയക്കുകയെന്നത് നബി (സ) തിരുമേനിയുടെ പതിവായിരുന്നു. എന്നാൽ ഇവിടെ അല്പം വിശദീകരിക്കട്ടെ. ചിലകാര്യങ്ങൾ മനസ്സിലാക്കുമ്പോൾ വിശദീകരിച്ച് കാര്യം പറയേണ്ടതായി വരുന്നു. സ്ത്രീപുരുഷന്മാർ കൂടിക്കലർന്ന് ജീവിക്കുന്നകാലമാണിത്. അതുകൊണ്ട് സ്ത്രീകളുടെ സദസ്സിലിരിക്കാൻ അനുവാദമുണ്ട് എന്നാരും മനസ്സിലാക്കരുത്. ഭാര്യമാരുടെ കൂട്ടുകാരികളുമൊത്തിരിക്കുന്നതിന് സർവ്വസ്വാതന്ത്ര്യവും കിട്ടിയിരിക്കുന്നുവെന്നും കരുതരുത്. ഭാര്യയുടെ കൂട്ടുകാരികളെ ഓർക്കുക എന്നതും ഭാര്യയുടെ കൂട്ടുകാരികളുമായി കൂട്ടുകൂടുക എന്നതും രണ്ടും രണ്ടാണ്. ഇതുമുഖേന ഒരുപാട് ദോഷങ്ങളുണ്ടാകുന്നു. ഭാര്യ ഒരുഭാഗത്ത് ഇരിക്കേണ്ടിവരികയും, കൂട്ടുകാരി ഭാര്യയുടെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യുന്ന ഒരുപാട് സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. പുരുഷൻ തന്റെ സാമ്രാജ്യം ആൾപ്പാർപ്പുള്ളതാക്കി ത്തീർക്കുന്നു. എന്നാൽ പാവം ആദ്യ ഭാര്യ കരഞ്ഞും കൂവിയും നടക്കുന്നു. ഈ പ്രവൃത്തി തികച്ചും അക്രമമാണ്. ഇതിന് ഇസ്ലാം ഒരിക്കലും അനുവാദം നല്കിയിട്ടില്ല. പറയുന്നു, ഞങ്ങൾക്ക് വിവാഹം കഴിക്കാൻ അനുവാദമുണ്ടെന്ന്. ഈ സമൂഹത്തിൽ പ്രത്യേകിച്ചും സൂക്ഷ്മത പാലിക്കേണ്ടതാണ്. നിങ്ങളുടെ ഉത്തരവാദിത്തം തിരിച്ചറിയുക. ദീർഘകാലം നിങ്ങളോടൊത്ത് സുഖത്തിലും ദുഃഖത്തിലും കഴിച്ചുകൂട്ടിയ ആ ഭാര്യയെ മറക്കാതിരിക്കുക. ഇന്ന് ഇവിടെയെത്തി നിങ്ങളുടെ പരിതസ്ഥിതികൾ നന്നായപ്പോൾ അവരെ തള്ളി പുറത്താക്കുന്നത് ഒരുതരത്തിലും നീതിയല്ല.

ഹസ്റത്ത് ആയിശ (റ) പറയുന്നു: ഞാനൊരിക്കൽ നബി (സ) യോടു പറഞ്ഞു: "അല്ലാഹുവിന്റെ റസൂലെ! അല്ലാഹുതആല താങ്കൾക്ക് നല്ല നല്ല ഭാര്യമാരെ നല്കിയിരിക്കുന്നു. ഇനിയെങ്കിലും ആ കിഴവിയുടെ അതായത് ഖദീജയുടെ ഓർമ്മ നിർത്തിക്കൂടെ?." അവിടന്ന് പറഞ്ഞു: "ഒരിക്കലുമില്ല. ഞാൻ തനിച്ചായിരുന്നപ്പോഴാണ് ഖദീജ എന്റെ ജീവിത പങ്കാളിയായത്. ഞാൻ നിസ്സഹായനും നിരാലംബനുമായിരുന്നപ്പോൾ അവരെന്റെ സംരക്ഷകയായി. തന്റെ ധനത്തോടുകൂടി അവരെന്നിൽ സ്വയം അർപ്പണം ചെയതു. അവരിൽ നിന്ന് അല്ലാഹു എനിക്ക് മക്കളേയും നല്കി. ജനങ്ങൾ എന്നെ കളവാക്കിയപ്പോൾ അവരെന്ന സത്യവാനെന്ന് സാക്ഷ്യപ്പെടുത്തി."

ഇതാണ് നമ്മുടെ പ്രിയപ്പെട്ട നബി (സ) യുടെ പരിശുദ്ധമായ ജീവിത മാതൃക. എന്നാൽ എനിക്ക് വേദനയോടെ പറയേണ്ടി വരുന്നു. ഇത്തരം കാര്യങ്ങൾ കേട്ട് വളരെ വിഷമങ്ങൾ ഉണ്ടാകുന്നു. ചിലപ്പോൾ ഞാൻ വളരെ അസ്വസ്ഥനായിപ്പോകുന്നു. നമ്മിൽ ചിലർ ആവഴിയിലൂടെ നടക്കാൻ തുടങ്ങിയിരിക്കുന്നു. ഭാര്യയുടെ എല്ലാത്യാഗങ്ങളും അവർ മറന്നുപോകുന്നു. നിന്ദാവഹമായ പ്രവൃത്തിയാണ് ചിലർചെയ്യുന്നത്. ഭാര്യമാരിൽനിന്ന് പണം വാങ്ങി, അവരുടെ മേൽ സമ്മർദം ചെലുത്തി, അവളുടെ മാതാപിതാക്കളിൽ നിന്ന് പണം ചോദിച്ചുവാങ്ങി തൊഴിലുകൾ ചെയ്യുന്നു. അല്ലെങ്കിൽ ഭാര്യയുടെ പൈസകൊണ്ട് വാങ്ങിയ വീടിന് അന്യായമായി തന്റെ വിഹിതവുമുണ്ടെന്ന് വരുത്തിത്തീർക്കുന്നു. പിന്നീട് ഭാര്യയെ എപ്പോഴും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നല്ലമാനവും മര്യാദയുമുള്ള കുടുംബത്തിലെ ആൺമക്കളും ഇത്തരം കാര്യങ്ങൾ ചെയ്യുന്നതുകാണുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു. അത്തരം ആളുകൾ കുറച്ചെങ്കിലും അല്ലാഹുവിനെ ഭയപ്പെടുകയും സ്വയം നന്നാകുകയും ചെയ്യുക. ഇല്ലെങ്കിൽ ജമാഅത്തിന്റെ മുമ്പിൽ ഇത്തരം കാര്യങ്ങൾ വന്നാൽ അത്തരം അപരിഷ്കൃതരായ ആളുകളോടൊപ്പം ജമാഅത്ത് ഒരിക്കലും നിൽക്കുകയില്ലെന്ന കാര്യം വ്യക്തമായും മനസ്സിലാക്കുക. ആൺമക്കൾ മാത്രമാണ് ഇതുചെയ്യുന്നത് എന്നല്ല. മാതാപിതാക്കൾ സമ്മർദം ചെലുത്തി അവരെക്കൊണ്ട് ഇങ്ങനെ ചെയ്യിക്കുന്നുമുണ്ട്. അവർക്കും പെൺമക്കളുണ്ടെന്ന കാര്യം അവർ ഓർക്കേണ്ടതാണ്. അവരോടും ഇത്തരം പെരുമാറ്റം ഉണ്ടാകാം. പെൺമക്കളില്ലാത്തവരാണെങ്കിൽ - ചിലർക്ക് ആൺമക്കളായിരിക്കും, അവർക്ക് പെൺമക്കളുടെ ബുദ്ധിമുട്ട് അറിയുകയില്ല. - അല്ലാഹുവിന് ജീവൻ തിരിച്ചുകൊടുക്കേണ്ടിവരും, അവന്റെ സന്നിധിയിൽ ഹാജരാകേണ്ടവരുമാണെന്നകാര്യം അവർ ഓർത്തുകൊള്ളട്ടെ.

ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി രാത്രിയിൽ ഇരുട്ടി വീട്ടിലെത്തിയാൽ ആരെയും ഉണർത്താതെ സ്വയം ഭക്ഷണമെടുത്ത് കഴിക്കുമായിരുന്നു. ഇല്ലെങ്കിൽ പാലെടുത്തുകുടിക്കുമായിരുന്നു.

ഇതാണ് നബി (സ) യുടെ ജീവിത മാതൃക. എന്നാൽ, നമുക്കിടയിലുള്ള ചില ഉദാഹരണങ്ങൾ കേൾക്കാറുണ്ട്. സ്ഥിരമായി ഭർത്താവ് വൈകി വീട്ടിൽ വരുന്നു. ഏതെങ്കിലും ഒരുദിവസം ക്ഷീണം കൊണ്ട് ഭാര്യ അയാൾ വരുന്നതിനുമുമ്പേഭക്ഷണം കഴിച്ചാൽ പിന്നെ അവിടെ അന്ന് ഖിയാമത്തായിരിക്കും. 'നീ എന്നെ എന്തുകൊണ്ട് കാത്തിരുന്നില്ല' എന്ന് പറഞ്ഞ് ശാസിക്കാൻ തുടങ്ങുന്നു. നമ്മുടെ സമൂഹത്തിൽ, അതായത് പാക്കിസ്ഥാൻ, ഇന്ത്യ തുടങ്ങിയ പൗരസ്ത്യ സമൂഹങ്ങളിൽ ഇത് അധികമായിക്കൊണ്ടിരിക്കുകയാണ്. ആദ്യവും ഇതു നിലനിന്നി

രുന്നു. വിദ്യാഭ്യാസ പുരോഗതിയോടൊപ്പം ഇതു അവസാനിക്കേണ്ടതായിരുന്നു. പക്ഷേ, അവസാനിക്കുന്നില്ല. ഇതും മാറ്റേണ്ടതാണ്. കൂടുതൽ എന്നതു കൊണ്ട് ഞാനുദ്ദേശിക്കുന്നത്, നമ്മളിൽ ഈ സ്വഭാവം ഒന്നോ രണ്ടോ ശതമാനമാണെങ്കിൽ തന്നെയും അതും ആശങ്കാജനകമാണ്. അത് വർധിക്കാനിടയുണ്ട്. ഇക്കാരണത്താൽ, ഭർത്താവിന് ഭാര്യയോട് ദേഷ്യമുണ്ടാകുന്നു. എന്നു മാത്രമല്ല മരുമകളോട് അയാളുടെ മാതാവിനും പിതാവിനും വിരോധമുണ്ടാകുന്നു. നീ എന്തുകൊണ്ട് കാത്തിരുന്നില്ല എന്ന് പറഞ്ഞ് അവരും ദേഷ്യപ്പെടുന്നു.

നബി (സ) തിരുമേനിയുടെ ഭാര്യയായിരുന്ന ഹസ്റത്ത് സഫിയ (റ) നബി (സ) യുടെ കഠിനശത്രുവും യഹൂദീ ഗോത്രമായ ബനൂനസീറിന്റെ പ്രസിദ്ധനായ നേതാവുമായ ഹുയയ്യുബ്നു അഖ്തബിന്റെ പുത്രിയായിരുന്നു. ഖയ്ബർ യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ നബി (സ) തിരുമേനി സ്വയംതന്നെ ഒട്ടകപ്പുറത്ത് സഫിയാക്കുവേണ്ടി സ്ഥലം ഒരുക്കികൊടുത്തു. തന്റെ തുണിയെടുത്ത് അവർക്ക് വിരിച്ചു കൊടുത്തു. മുട്ട് മടക്കിക്കൊടുത്തുകൊണ്ട് അതിൽ ചവിട്ടിക്കയറി ഒട്ടകപ്പുറത്ത് യാത്ര ചെയ്യാൻ അവിടന്ന് സഫിയായോടു പറഞ്ഞു. നോക്കുക, എങ്ങനെയാണ് നബി (സ) തിരുമേനി തന്റെ ഭാര്യയെ നോക്കിയത്. ഈ മാതൃക നമ്മൾ നടപ്പിൽ വരുത്താനാണ് നബി (സ) കാണിച്ചു തന്നത്.

ഇന്ന് ചിലയാളുകൾ, ഭാര്യയുടെ അടിമയാണെന്ന് ജനങ്ങൾ പറഞ്ഞാലോ എന്നു കരുതി ഭാര്യമാരെ ശ്രദ്ധിക്കാറില്ല. ചില ആൺകുട്ടികളുടെ പ്രായം ചെന്ന ബന്ധുക്കൾപ്പോലും, ഭാര്യയുടെ അടിമയാകരുതെന്ന് കുട്ടികളെ ഉപദേശിക്കുന്നതു കാണുമ്പോൾ അത്ഭുതം തോന്നുന്നു; അവരുടെ സ്നേഹവും സൽപ്പെരുമാറ്റവും വർദ്ധിപ്പിക്കുന്നതിനു പകരം, ഇത്തരം ഉപദേശങ്ങൾ നല്കി അതില്ലാതാക്കുകയാണ് ചെയ്യുന്നത്. സ്വയം ഇഷ്ടപ്പെടുന്നത് ഒന്ന്. മറ്റുള്ളവർക്ക് വേണ്ടി ഇഷ്ടപ്പെടുന്നത് മറ്റൊന്ന്.

നബി (സ) യുടെ കുടുംബജീവിതം എല്ലാതരത്തിലും മാതൃകയും അതുല്യവുമായിരുന്നുവെന്ന് ഒരു നിവേദനത്തിൽ പറയുന്നു. നബി (സ) തന്റെ വീട്ടുകാരുടെ ജീവിത വൃത്തിയ്ക്കുള്ള സൗകര്യങ്ങൾ പ്രത്യേകം ചെയ്തുകൊടുക്കുമായിരുന്നു. അതായത് അവരുടെ ചെലവുകൾക്കുള്ള ഏർപ്പാടു ചെയ്തിരുന്നു. തന്റെ മരണസമയത്തുപോലും ഭാര്യമാരുടെ വീട്ടുചെലവുകളെക്കുറിച്ച് നിർദ്ദേശം കൊടുത്തുകൊണ്ടു പറഞ്ഞു: അവർക്കു വരുന്ന ചെലവുകൾ മുടങ്ങാതെ അവർക്കുകൊടുക്കുക.

ഭാര്യയുടെ ധനത്തിൽ കണ്ണും നട്ടിരിക്കുന്ന പുരുഷന്മാർ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ഭാര്യമാരുടെ കാര്യങ്ങൾ നോക്കിനടത്തുക എന്ന ഉത്തരവാദിത്തം പുരുഷന്മാരുടേതാണ്. സ്ത്രീകളുടെ ധനത്തിൽ അവർക്കൊരു അവകാശവുമില്ല. ഭാര്യാമക്കളുടെ ചെലവിന്റെ പൂർണ ഉത്തരവാദിത്തം പുരുഷന്റേതു തന്നെയാണ്. അതുകൊണ്ട് എന്തവസ്ഥയാണെങ്കിലും, ഏത് തൊഴിലെടുത്ത് വീടുനോക്കേണ്ടി വന്നാലും, വീട്ടിലെ ചെലവ് നടത്തുക എന്നത് അവർക്ക് നിർബന്ധമാണ്. ഈ അധ്വാനത്തോടൊപ്പം ദുആയും ചെയ്യുകയാണെങ്കിൽ അല്ലാഹു അനുഗ്രഹിക്കുന്നതുമാണ്. സമ്പാദ്യത്തിൽ വർധനവും നല്കും.

ഹസ്റത്ത് സുലയ്മാനിബ്നു അഹ്വസ് (റ) നിവേദനം ചെയ്യുന്നു. എന്റെ പിതാവ് എന്നോടു പറഞ്ഞു. ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ അദ്ദേഹം നബി (സ) യോടൊപ്പം ഉണ്ടായിരുന്നു. ആ സന്ദർഭത്തിൽ നബി (സ) അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തിട്ട് ഉപദേശ പ്രസംഗം നടത്തി. എന്നിട്ട് പറഞ്ഞു: സ്ത്രീകളോട് എപ്പോഴും നന്മ പ്രവർത്തിച്ചുകൊണ്ടിരിക്കുക. കാരണം അവർ നിങ്ങളോടൊപ്പം തടവുകാരെപ്പോലെ കെട്ടിയിടപെട്ടവരാണ്. അവർ വ്യക്തമായും ലജ്ജാകരമായ പ്രവർത്തനത്തിലേർപ്പെട്ടാലല്ലാതെ അവരെ ശിക്ഷിക്കാൻ നിങ്ങൾക്കനുവാദമില്ല. (അതായത് തോന്നുമ്പോൾ അടിക്കാനും തോന്നുമ്പോൾ നല്ലരീതിയിൽ പെരുമാറാനും നിങ്ങൾക്കവകാശമില്ല.) നിങ്ങളുടെ ജീവിതനിലവാരമനുസരിച്ചുള്ള ആഹാരവും വസ്ത്രവും പാർപ്പിടവും അവർക്ക് നൽകേണ്ടത് നിങ്ങളുടെ കടമയാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നബി (സ) തിരുമേനി എല്ലാ കാര്യത്തിനും പൂർണ്ണ മാതൃകയാണ്. അവിടത്തെ ജീവിതം നിങ്ങൾ നോക്കുക. അവിടന്ന് ഭാര്യമാരോടൊത്ത് എങ്ങനെയാണ് ജീവിച്ചത്. ഭാര്യയ്ക്കെതിരിൽ എഴുന്നേറ്റുനില്ക്കുന്നവൻ എന്റെ പക്കൽ പേടിത്തൊണ്ടനും പൗരുഷമില്ലാത്തവനുമാണ്. നബി (സ) തിരുമേനിയുടെ പരിശുദ്ധമായ ജീവിതം പഠിച്ചാൽ നിങ്ങൾക്കറിയാൻ കഴിയും അവിടന്ന് എത്രമാത്രം സുശീലനായിരുന്നു എന്ന്. നബി (സ) വളരെ പ്രഭാവശാലിയായിരുന്നിട്ടും ഏതെങ്കിലും അബലയായ സ്ത്രീ എവിടെയെങ്കിലും നില്ക്കാൻ പറഞ്ഞാൽ അവർ പോകാൻ പറയുന്നതു വരെ നബി (സ) അവിടെ നില്ക്കുമായിരുന്നു.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു നബി (സ) തിരുമേനി പറഞ്ഞു: സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറുക. കാരണം വാരിയെല്ലുകൊണ്ടാണ് സ്ത്രീകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വാരിയെല്ലുകളിൽ വെച്ച് ഏറ്റവും വളഞ്ഞത് അതിൽനിന്ന് മേൽഭാഗത്തുള്ളതാണ്. നീ അതിന്റെ വളവ് മുഴുവൻ നിവർത്താൻ ശ്രമിച്ചാൽ അത് പൊട്ടിക്കേണ്ടിവരും. ഇനി ആ നിലയിൽത്തന്നെ അതിനെ നീ വിട്ടയക്കുന്ന പക്ഷം അത് വളഞ്ഞുകൊണ്ടേയിരിക്കുകയും ചെയ്യും. ഇത് മനസ്സിലാക്കികൊണ്ട് സ്ത്രീകളുടെ കാര്യത്തിൽ ഉത്തമമായ മാർഗ്ഗം

നിങ്ങൾ സ്വീകരിക്കുക.

മറ്റൊരു നിവേദനത്തിൽ പറയുന്നു: സ്ത്രീ വാരിയെല്ലുപോലെയാണ്. അവളെ നേരെയാക്കാനുദ്ദേശിക്കുന്നപക്ഷം നീ അവളെ പൊട്ടിക്കേണ്ടിവരും. നീ അവളുമായി സുഖിക്കാനുദ്ദേശിക്കുന്നുവെങ്കിൽ അവളുടെ വക്രതയോടുകൂടി സുഖിച്ചു കൊള്ളുക.

വാരിയെല്ലിന്റെ മൂലയാണെങ്കിലും ഗോളാകാരമാണെങ്കിലും അതാണ് അതിന്റെ ബലം. ഏതെങ്കിലും ജീവിയുടെ അങ്ങേയറ്റം മൃദുലമായ ഭാഗം പോലും വാരിയെല്ലിനുള്ളിലാണുള്ളത്. അതായത് ഹൃദയവും മറ്റു ചില അവയവങ്ങളും. അല്ലാഹുവിന്റെ ഈ സൃഷ്ടിപ്പിൽ നിന്ന് മനുഷ്യൻ ഫലമെടുത്തു. അതുകൊണ്ട് നോക്കുക, കെട്ടിടങ്ങളിലും മറ്റും കൂടുതൽ ശക്തികൊടുക്കണമെന്നുണ്ടെങ്കിൽ ഇതേ പോലെ ഗോളാകാരം കൊടുക്കുന്നു.

പറഞ്ഞു: സ്ത്രീകളുടെ ശക്തമായ സ്വഭാവത്തിൽ നിന്ന് ഫലമെടുക്കണമെന്നുണ്ടെങ്കിൽ, അവരെ നിങ്ങളെപ്പോലെ അച്ചിലിട്ട് വാർത്തെടുക്കാൻ ശ്രമിക്കാതിരിക്കുക. നിങ്ങൾക്ക് അതുകൊണ്ട് ഒരു നേട്ടവും ഉണ്ടാകുകയില്ലെന്നു മാത്രമല്ല, അവർ നിങ്ങൾക്ക് ഒന്നിനും കൊള്ളാത്തവരായിത്തീരുകയും ചെയ്യും.

എന്നാൽ, സ്ത്രീകളിൽ ത്യാഗത്തിന്റെ വികാരാവേശം അല്ലാഹു അധികം വെച്ചിട്ടുണ്ടെന്നതും സ്ഥാപിതമായ കാര്യമാണ്. സ്വയം മാതൃകയായിക്കൊണ്ട് അവരോട് നന്മയോടെ പ്രവർത്തിച്ചാൽ അവർ സ്വയം നിങ്ങളുടെ ആഗ്രഹങ്ങളിൽ ബലിയർപ്പിക്കാൻ സദാസന്നദ്ധരായിരിക്കും. അതുകൊണ്ട്, ബലാൽക്കാരമായി അവരിൽ നിന്ന് ഫലമെടുക്കാൻ സാധ്യമല്ല. സ്നേഹത്തോടുകൂടി മാത്രമെ അതെടുക്കാൻ പറ്റുകയുള്ളൂ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു പറഞ്ഞു: ഈ രീതി നല്ലതല്ല. മുസ്ലീംകളുടെ നേതാവായ അബ്ദുൽകരീമിനെ അതിൽ നിന്ന് തടയുക.

*ഖുദുർറിഫ്ഖ അർറിഫ്ഖ ഫഇന്നർറിഫ്ഖ റഅ്സുൽ ഖയ്റാത്ത്.*

ശാന്തമായി പെരുമാറുക. ശാന്തമായി പെരുമാറുക. എല്ലാ നന്മയുടേയും ശിരസ്സാണ് ശാന്തത.

സത്യവിശ്വാസിയുടെ ഒന്നാമത്തെ നിർബന്ധ കടമ കഴിയുന്നിടത്തോളം എല്ലാവരോടും ശാന്തതയോടും സൽസ്വഭാവത്തോടും കൂടി പെരുമാറുക എന്നതാണ്. ചില സന്ദർഭങ്ങളിൽ അപ്രിയമായ പദങ്ങൾ ഉപയോഗിക്കുന്നത്, കയ്പുള്ള മരുന്ന് എന്ന നിലയിൽ അനുവദനീയമാണ്.

ഈ ഇൽഹാമിന്നെഴുതിയ അടിക്കുറിപ്പിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഈ ദിവ്യബോധനത്തിൽ ജമാഅത്തിലുള്ള എല്ലാവർക്കും പാഠമുണ്ട്. തങ്ങളുടെ ഭാര്യമാരോട് സൗമ്യതയോടും ശാന്തതയോടും കൂടി പെരുമാറുക. അവർ നിങ്ങളുടെ വേലക്കാരികളല്ല. വാസ്തവത്തിൽ നിക്കാഹ് ഒരു ഉടമ്പടിയാണ്. നിങ്ങളുടെ ഉടമ്പടിയിൽ വഞ്ചന കാണിക്കാതിരിക്കാൻ പരിശ്രമിക്കുക. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: '*ആശിറൂഹുന്ന ബിൽ മഅ്റൂഫി*' നിങ്ങളുടെ ഭാര്യമാരോട് നല്ല രീതിയിൽ പെരുമാറിക്കൊണ്ട് ജീവിക്കുക. ഹദീസിൽ വന്നിരിക്കുന്നു. '*ഖയ്റുക്കും ഖയ്റുക്കും ലിഅഹ്ലിഹി*', നിങ്ങളിൽ ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് നല്ല രീതിയിൽ പെരുമാറുന്നവനാണ്. അതുകൊണ്ട് ആത്മിയവും ഭൗതികവുമായ നിലയിൽ നിങ്ങളുടെ ഭാര്യമാരോട് നന്മ വർത്തിക്കുക. അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ത്വലാഖ് കൊടുക്കുന്നതിൽ നിന്ന് പിന്മാറുക. കാരണം ത്വലാഖ് കൊടുക്കുന്നതിൽ ധിറുതി കാണിക്കുന്നവനാണ് അല്ലാഹുവിന്റെ പക്കൽ ഏറ്റവും നിന്ദ്യൻ. എതൊന്നിനെ അല്ലാഹു യോജിപ്പിച്ചുവോ, അതിനെ ചെളിപുരണ്ട പാത്രം ഉടച്ചുകളയുന്നതുപോലെ ക്ഷണത്തിൽ ഉടച്ചുകളയാതിരിക്കുക."

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇപ്രകാരം തന്നെ ഭാര്യയോടും കുട്ടികളോടുമൊത്തുള്ള ബന്ധത്തിലും ജീവിതത്തിലും ജനങ്ങൾക്ക് അബദ്ധം പിണഞ്ഞിരിക്കുന്നു. നേരായ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചുപോയിരിക്കുന്നു. വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു: '*ആശിറൂഹുന്ന ബിൽ മഅ്റൂഫ്.*' എന്നാൽ ഇപ്പോൾ ഇതിനു വിരുദ്ധമായിട്ടുള്ള പ്രവർത്തനമാണ് നടക്കുന്നത്.

ഇതു സംബന്ധിച്ചും രണ്ടു തരത്തിലുള്ള ആളുകളെ കാണാം. ഒരു വിഭാഗം ആളുകൾ അഴിഞ്ഞാടാൻ പൂർണ്ണമായ സ്വാതന്ത്ര്യം സ്ത്രീകൾക്ക് നല്കിയിരിക്കുന്നു. മതത്തിന്റെ ഒരു സ്വാധീനവും അവരിലുണ്ടാകുകയില്ല. അവർ തുറന്ന നിലയിൽ ഇസ്ലാമിക വിരുദ്ധം പ്രവർത്തിക്കുന്നു. അവരോടു ചോദിക്കാനും ആരുമില്ല. ചിലയാളുകൾ സ്വതന്ത്രമായി അഴിഞ്ഞാടാൻ അവരെ അനുവദിച്ചിട്ടില്ലെങ്കിലും, കഠിനമായി അവരോടു പെരുമാറാൻ തുടങ്ങും. എത്രമാത്രമെന്നാൽ, അവരേയും മൃഗങ്ങളേയും തമ്മിൽ വേർപ്പെടുത്തി കാണിക്കാൻ സാധ്യമല്ല. വേലക്കാരികളോടും മൃഗങ്ങളോടും പെരുമാറുന്നതിനെക്കാൾ നിഷ്ഠൂരമായി അവരോടു പെരുമാറുന്നു. അടിക്കുകയാണെങ്കിലോ, ജീവനുള്ള ഒന്നാണ് തന്റെ മുന്നിൽ നില്ക്കുന്നതെന്ന ബോധം പോലുമില്ലാതെ നിർദാക്ഷിണ്യം അവരെ മർദിക്കുന്നു. വളരെ മോശമായ രീതിയിൽ അവരോടു പെരുമാറുന്നു. ഇവിടെ പഞ്ചാബിൽ സ്ത്രീകളെ ചെരുപ്പിനോട് ഉപമിക്കാറുണ്ട്; ഒന്നൊഴിവാക്കി, മറ്റൊന്ന് എടുത്തിടുന്നതുപോലെ. ഇതു ഭയാനകമായ കാര്യമാണ്. ഇസ്ലാമിക അടയാളങ്ങൾക്കു വിരുദ്ധമാണ്. നബി (സ) തിരുമേനി എല്ലാ കാര്യത്തിനും പൂർണ്ണ മാതൃകയാണ്. അവിടത്തെ ജീവിതം നോക്കുക. അവിടന്ന്

ഭാര്യമാരുമൊത്ത് എങ്ങനെയായിരുന്നു ജീവിച്ചിരുന്നത്. സ്ത്രീകളെ നേരിടാൻ എഴുന്നേറ്റുനില്ക്കുന്നവൻ എന്റെ പക്കൽ ഭീരുവും പൗരുഷമില്ലാത്തവനുമാണ്.

ചിലപ്പോൾ വീടുകളിൽ ചെറുതും വലുതുമായ പ്രശ്നങ്ങളുണ്ടാകും. അപ്പോൾ അമ്മായിയമ്മ, മരുമകളെ വീട്ടിൽ നിന്ന് ഇറക്കാൻ മകനോട് പറയും. എന്നാൽ, പുരുഷനും - അല്ലാഹു അവർക്ക് ബുദ്ധി നല്കീട്ടുണ്ട്. - തന്റെ ഉമ്മ പറയുന്നതു കേട്ട് ഭാര്യയെ അതും ഇതും പറയാൻ തുടങ്ങുന്നതു കാണുമ്പോഴാണ് അത്ഭുതം തോന്നുന്നത്. എന്നു മാത്രമല്ല, അകാരണമായി അമ്മായിയമ്മ മരുമകളെ അടിക്കാനും തുടങ്ങുന്നു. അടിക്കാൻ മകനോടും പറയും. അവൾ മരിച്ചാൽ ഒന്നും സംഭവിക്കാനില്ല, മറ്റൊരുത്തിയെ കൊണ്ടുവരാം എന്നു പറയും. അത്തരം പുരുഷന്മാർക്ക് അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. അവർ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ 'അത്തരം പുരുഷൻ, ഭീരുവും പൗരുഷമില്ലാത്തവനുമാണ്' എന്ന വാക്കുകൾ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

സത്യസന്ധന്മാരായ രണ്ടു കൂട്ടുകാരെ പോലെയുള്ള ബന്ധം ഭാര്യയും ഭർത്താവും തമ്മിൽ ഉണ്ടായിരിക്കേണ്ടതാണ്. മനുഷ്യന്റെ ഉത്തമമായ സ്വഭാവത്തിന്റെയും, അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെയും ആദ്യത്തെ സാക്ഷി ഈ സ്ത്രീകൾ തന്നെയായിരിക്കും. ഇവരുമായിട്ട് ഇവരുടെ ബന്ധം നല്ലതല്ലെങ്കിൽ, പിന്നെയെങ്ങനെയാണ് അല്ലാഹുവുമായി ഐക്യപ്പെടാൻ കഴിയുക. നബി (സ) പറഞ്ഞിരിക്കുന്നു. '*ഖയ്റുക്കും ഖയ്റുക്കും ലിഅഹ്‌ലിഹി.*' നിങ്ങളിൽ ഉത്തമൻ നിങ്ങളുടെ വീട്ടുകാരോട് നല്ല നിലയിൽ പെരുമാറുന്നവനാണ്.

ഒരിക്കൽ പള്ളിയിൽ സ്ത്രീകളെക്കുറിച്ചുള്ള ചർച്ച തുടങ്ങി. ഒരഹ്മദിയെ സംബന്ധിച്ച്, അദ്ദേഹം തന്റെ ഭാര്യയെ തടവുകാരിയെപ്പോലെയാണ് വെച്ചിട്ടുള്ളതെന്ന് പറഞ്ഞു. അവർ അല്പം താഴേക്കിറങ്ങിയാൽ മർദിക്കുമെന്നും പറഞ്ഞു; എന്നാൽ ശരീഅത്ത് പറയുന്നത് '*ആശിറൂ ഹുന്ന ബിൽ മഅ്റൂഫി* എന്നാണ്.' അവരോട് നല്ലനിലയിൽ പെരുമാറുക. നമസ്കാരത്തിൽ സ്ത്രീകളുടെ സ്വഭാവ സംസ്കരണത്തിനും തഖ്‌വായ്ക്കും വേണ്ടി ദുആ ചെയ്യേണ്ടതാണ്. ഇറച്ചി വെട്ടുകാരനെപ്പോലെയാകരുത്. കാരണം, അല്ലാഹു ഇച്ഛിക്കാത്തിടത്തോളം ഒന്നും സംഭവിക്കുകയില്ല.

അവിടന്ന് പറയുന്നു: ആരാണോ തന്റെ ഭാര്യയോടും അവരുടെ ബന്ധുക്കളോടും ശാന്തമായും നന്മയോടും കൂടി ജീവിക്കാത്തത് അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.

കുട്ടികളോടുള്ള കടമ നിറവേറ്റേണ്ടതും പുരുഷന്റെ ബാദ്ധ്യതയിൽപ്പെട്ടതാണ്.

ഹസ്റത്ത് ഇബ്നു ഉമർ (റ) പറയുന്നു: തങ്ങളുടെ മാതാപിതാക്കളോടും മക്കളോടും നല്ല നിലയിൽ പെരുമാറിയതുകൊണ്ടാണ് അല്ലാഹു അബ്റാറിനെ, അബ്റാർ എന്നു പറഞ്ഞത്. എപ്രകാരം നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങളിൽ അവകാശമുണ്ടോ അപ്രകാരം നിങ്ങളുടെ മക്കൾക്ക് നിങ്ങളിൽ അവകാശമുണ്ട്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: നബിയുടെയടുക്കൽ ഒരാൾ വന്നു. അയാളുടെ ചെറിയൊരു കുട്ടിയും കൂടെ ഉണ്ടായിരുന്നു. ആ കുട്ടി അയാളെ കെട്ടിപ്പിടിയ്ക്കാൻ തുടങ്ങി. അതുകണ്ട് നബി (സ) ചോദിച്ചു, താങ്കൾ അവനോട് കരുണകാണിക്കാറുണ്ടോ? കാണിക്കാറുണ്ടെന്ന് അയാൾ പറഞ്ഞപ്പോൾ നബി (സ) പറഞ്ഞു. അല്ലാഹു തആല അതിനെക്കാൾ കൂടുതൽ നിന്നോട് കരുണകാണിക്കുന്നതാണ്. കാരണം അവൻ അറഹ്മുർറാഹിമീനാണ്.

ഹസ്റത്ത് അയ്യൂബ് തന്റെ പിതാവിൽ നിന്നും പിതാമഹനിൽ നിന്നും നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: പിതാവ് തന്റെ മക്കൾക്കു കൊടുക്കുന്ന നല്ല ശിക്ഷണത്തെക്കാളുപരി ഒരു നല്ല സമ്മാനവുമില്ല. ഇക്കാലത്ത് പ്രത്യേകിച്ച് ഈ ചുറ്റുപാടിൽ പിതാവിന് ഒരുപാട് ഉത്തരവാദിത്തമുണ്ട്. പുറത്തുള്ള ഉത്തരവാദിത്തം മാത്രം നിറവേറ്റിയാൽ പോരാ. വീട്ടിലും ഉത്തരവാദിത്തമുണ്ട്. അതു മനസ്സിലാക്കുക. കാരണം എല്ലാ ഭാഗത്തും സാമൂഹിക ജീവിതം തകർക്കുന്നതിനുള്ള ചുറ്റുപാട് എഴുന്നേറ്റു നില്ക്കുകയാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: എന്റെ പക്കൽ കുട്ടികളെ ഇങ്ങനെ മർദിക്കുന്നത് ശിർക്കിൽപ്പെട്ടതാണ്. (ചിലർക്ക് കുട്ടികളെ മർദിക്കുന്നത് വളരെ താല്പര്യമുള്ള കാര്യമായിരിക്കും.) ദുഷ്പ്രകൃതിയുള്ള ആ അടിക്കുന്നവൻ, സന്മാർഗം നല്കുന്നതിലും റബ്ബിന്റെ പരിപാലനത്തിലും ഭാഗഭാക്കാകുവാൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. ദേഷ്യമുള്ള ഒരുവൻ ഏതെങ്കിലും കാര്യത്തിന് ശിക്ഷ നൽകുമ്പോൾ, ദേഷ്യം കൂടിക്കൂടി ശത്രുവിന്റെ നിറം പിടിക്കുന്നവനായിത്തീരുന്നു. അങ്ങനെ മൈലുകൾക്കപ്പുറത്തേക്ക് അവൻ പോകുന്നു. സ്വയം നിയന്ത്രിക്കാൻ കഴിവുള്ളവനും, ക്ഷമാശീലനും വിനയാന്വിതനും അഭിമാനിയുമായ ഒരുവന് തന്റെ മക്കളെ ശിക്ഷിക്കാനും, മാപ്പുകൊടുക്കാനും ഒരു പരിധിവരെ അനുവാദമുണ്ട്. എന്നാൽ, കോപത്തിന്നടിപ്പെട്ടവനും ദേഷ്യക്കാരനും, മുൻകോപിക്കും കുട്ടികളെ ശിക്ഷിക്കാൻ അനുവാദമില്ല. കാരണം അവന് കുട്ടികളെ തർബിയ്യത്തുകൊടുക്കാൻ അവകാശമില്ല.

വീണ്ടും പറഞ്ഞു: ശിക്ഷകൊടുക്കാൻ എത്രത്തോളം വ്യഗ്രതകാണിക്കുന്നുവോ അത്രത്തോളം ദുആ ചെയ്തിരുന്നെങ്കിൽ, എത്ര നന്നായേനെ. കാരണം മാതാപിതാക്കൾ കുട്ടികൾക്കുവേണ്ടി

ചെയ്യുന്ന പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതാണ്.

ചിലർ തങ്ങളുടെ കുട്ടികൾക്കു മാത്രമല്ല ശിക്ഷണം നല്കുന്നത്, ജമാഅത്ത് വ്യവസ്ഥിതികളിൽ കൈകടത്തി തങ്ങളെ ഉന്നതരെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

ഇന്നലെ ഇവിടെ പള്ളിയിൽ ഒരു സംഭവമുണ്ടായി. വഖ്ഫെ നൗ ക്ലാസ് നടക്കുകയായിരുന്നു. കാനഡക്കാർക്കുവേണ്ടിയായിരുന്നു ആ ക്ലാസ്. അമേരിക്കയിൽ നിന്ന് ഒരാൾ തന്റെ കുട്ടിയുമായി വന്നു. ബലം പ്രയോഗിച്ച് തന്റെ കുട്ടിയെ ഈ ക്ലാസിൽ ഇരുത്താൻ ശ്രമിച്ചു. അയാൾ കോപാകുലനായി സംഘാടകരോട് വഴക്കിടാൻ തുടങ്ങി. കുട്ടിയേയും വഴക്കുപറയാനും അടിക്കാനും തുടങ്ങി. എന്നല്ല പാവം കുട്ടിയെ ഗോവണിയിൽ നിന്ന് തള്ളി താഴെയിട്ടു. കുട്ടിയ്ക്ക് പരിക്കൊന്നും ഉണ്ടായില്ല. അല്ലാഹുവിന് നന്ദി. കോപാകുലനായി അയാൾ ഉച്ചത്തിൽ സംസാരിക്കുന്നുണ്ടായിരുന്നു; പള്ളിയുടെയുള്ളിൽ അയാളുടെ ശബ്ദം കേൾക്കാമായിരുന്നു.

അത്തരമാളുകൾ ഒരു കാര്യം ഓർക്കണം. നമ്മുടെ റബ്ബ് ഒരേയൊരു റബ്ബാണ്. അവൻ ഭൂമിയുടെയും ആകാശത്തിന്റെയും റബ്ബാണ്. സൃഷ്ടികർത്താവാണ്. നിങ്ങളുടെ ഈ ദേഷ്യം കൊണ്ടോ, ദുസ്സ്വഭാവം കൊണ്ടോ ഒന്നും സംഭവിക്കുകയില്ല; നിങ്ങളുടെ സ്വഭാവം മോശമാകുന്നുവെന്നല്ലാതെ. അതുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുക. ഇല്ലെങ്കിൽ അത്തരക്കാർ ഓർക്കുക, മാറ്റം വരുത്താൻ ശ്രമിക്കുന്നില്ലെങ്കിൽ, സ്വയം നാശമടയാനുള്ള അവസരം ഒരുക്കുകയായിരിക്കും ചെയ്യുന്നത്.

ഹസ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: നിങ്ങളുടെ കുട്ടികളോടു മാന്യമായി പെരുമാറുക. അവർക്ക് നല്ല ശിക്ഷണം കൊടുക്കുക.

കുട്ടികളിൽ ആദരവുണ്ടാക്കുന്നതിനുവേണ്ടി അവരെ ആദരിക്കേണ്ടത് നിർബന്ധമാണ്. അവരെ മര്യാദപഠിപ്പിക്കേണ്ടതാണ്. മറ്റുള്ളവരെ ആദരിക്കുന്നവരായിത്തീരുന്ന നിലയിൽ അവർക്ക് ശിക്ഷണം കൊടുക്കുക. മറ്റുള്ളവരെക്കാൾ ഉയർന്നവനാണെന്ന് തോന്നുകയും മറ്റുള്ള കുട്ടികളെ താഴ്ന്നവരായി കണക്കാക്കുകയും ചെയ്യുന്നവിധം അവർക്ക് ശിക്ഷണം കൊടുക്കരുത്. ഉന്നതമായ സ്വഭാവം ഒപ്പത്തിനൊപ്പം വളർന്നു വരത്തക്കവിധം കുട്ടികൾക്ക് തർബിയത്ത് കൊടുക്കേണ്ടതാണ്. വഖ്ഫെ നൗ കുട്ടിയുടെ ബാപ്പയായ ഈ സാഹിബും തന്നെ നന്നാക്കിത്തീർക്കാൻ ശ്രമിക്കുക. എങ്കിലേ ഇയാളുടെ കുട്ടി വഖ്ഫെ നൗ കുട്ടി എന്നു പറയാൻ അർഹനാകുകയുള്ളൂ.

ഹസ്റത്ത് ആയിശ (റ) പറയുന്നു: നബി (സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. അല്ലാഹു തആല പെൺകുട്ടികൾ മുഖേന ഒരാളെ പരീക്ഷിക്കുകയും അയാൾ നല്ലരീതിയിൽ ആ കുട്ടികളോടു പെരുമാറുകയും ചെയ്താൽ ആ കുട്ടികൾ അയാളെ നരകത്തിൽ നിന്ന് രക്ഷിക്കുന്നതിനു കാരണക്കാരികളായിത്തീരും.

പെൺകുട്ടികൾ മാത്രമുള്ളവർക്ക് എത്ര വലിയ സന്തോഷ വാർത്തയാണിത്. മനുഷ്യൻ പാപിയാണ്. ആയിരക്കണക്കിന് ഇടർച്ചകൾ സംഭവിക്കാറുണ്ട്. പക്ഷേ, അല്ലാഹു പൊറുത്തുതരുന്നതിന് വേണ്ടി പല തരത്തിലുള്ള വഴിയും വെച്ചിരിക്കുന്നു. അതുകൊണ്ട് പെൺകുട്ടികളാണല്ലോ എന്നോർത്തു വിഷമിക്കുന്നതിനു പകരം അവർ അല്ലാഹുവിനോട് നന്ദികാണിക്കേണ്ടതാണ്. അവർക്ക് നല്ല ശിക്ഷണം നല്കേണ്ടതാണ്. അവരുടെ നന്മയ്ക്കായി ദുആ ചെയ്യേണ്ടതാണ്. എന്നാൽ ചില സന്ദർഭങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കുന്ന ചില സംഭവങ്ങൾ മുന്നിൽ വരാറുണ്ട്. പെൺകുട്ടികൾ മാത്രം ഉണ്ടാകുന്ന കാരണത്താൽ ചിലയാളുകൾ തങ്ങളുടെ ഭാര്യമാർക്ക് ത്വലാഖ് കൊടുക്കുന്നു. അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. അടുത്ത വിവാഹത്തിലും പെൺകുട്ടികൾ തന്നെ ഉണ്ടാകില്ലെന്ന് ആരു കണ്ടു? ഹസ്റത്ത് ആയിശ (റ) പറയുന്നു: ഹുസൂർ (സ) തഹജ്ജുദ് നമസ്കാരത്തിനായി എഴുന്നേല്ക്കുമായിരുന്നു. ആരാധനയിൽ മുഴുകിയിരുന്നു. പ്രഭാതോദയത്തിന് അല്പസമയം ബാക്കിയുള്ളപ്പോൾ എന്നെയും വിളിച്ച് ഉണർത്തി രണ്ട് റക്അത്ത് നമസ്കരിക്കാൻ പറയുമായിരുന്നു.

കുടുംബനായകൻ എന്ന നിലയിൽ, മുത്തഖിയാകുന്നതിനും മുത്തഖികളുടെ നേതാവാകുന്നതിനും വേണ്ടി സ്വയം കൃത്യമായി നമസ്കരിക്കുകയും, രാത്രിയിൽ എഴുന്നേല്ക്കുകയും അല്ലെങ്കിൽ കുറഞ്ഞപക്ഷം സുബ്ഹി നമസ്കാരത്തിനായെങ്കിലും എഴുന്നേല്ക്കുകയും ഭാര്യാമക്കളെ എഴുന്നേല്പിക്കുകയും ചെയ്യുക. ഇപ്രകാരം ഒരു വീട് ആരാധകരെ ക്കൊണ്ട് നിറഞ്ഞാൽ, അതു അല്ലാഹുവിന്റെ ഫള്ലുകളേയും ബർക്കത്തുകളേയും സ്വരുക്കൂട്ടുന്നതായിത്തീരും. എന്നാൽ, ദുആയോടൊപ്പം ഈ പരിശ്രമം ഉണ്ടായാൽ മാത്രമെ അതു വിജയിക്കുകയുള്ളൂ. വിളിച്ച് ഉണർത്തുകയും, നെറ്റിത്തടം താഴെ മുട്ടിക്കുകയും എടുക്കുകയും ചെയ്തതുകൊണ്ടു മാത്രം കാര്യമില്ല. തുടർച്ചയായി ഭാര്യാമക്കൾക്കു വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കണം. അതുകൊണ്ട് നിങ്ങളുടെ നമസ്കാരത്തിലും നിങ്ങളുടെ ഭാര്യാമക്കൾക്കുവേണ്ടി അധികമധികമായി ദുആ ചെയ്യുക.

ഹസ്റത്ത് അബ്ദുസ് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹു വിശുദ്ധഖുർആനിൽ ഈ ദുആ പഠിപ്പിച്ചിരിക്കുന്നു. '*അസ്വലിഹ്‌ലീ ഫീ ദുർറിയ്യത്തീ*' എന്റെ ഭാര്യാമക്കളേയും നന്നാക്കേണമേ. സ്വയം അവസ്ഥ നന്നാക്കിത്തീർക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നതിനോടൊപ്പം ഭാര്യാമക്കൾക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കാരണം അധികം ഫിത്നകളും

ഉണ്ടാകുന്നത് സന്താനങ്ങൾ കാരണത്താലാണ്; ഭാര്യമാർ മുഖേനയും. ചുരുക്കത്തിൽ ഇവർ കാരണത്താൽ മനുഷ്യർക്ക് കഠിനമായ വിപത്തുകൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് അവരെ നന്നാക്കിത്തീർക്കുന്നതിനുവേണ്ടിയും ശ്രമിക്കേണ്ടതാണ്. അവർക്കുവേണ്ടി ദുആയും ചെയ്യേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഞാനെങ്ങനെയാണ് ദുആ ചെയ്യുന്നത്? ഞാൻ ചില ദുആകൾ നിത്യവും ചെയ്യാറുണ്ട്. ആദ്യം ഞാൻ എനിക്കുവേണ്ടി ദുആ ചെയ്യുന്നു. അല്ലാഹുവിന്റെ അഭിമാനവും പ്രതാപവും വെളിപ്പെടുന്നരീതിയിൽ എനിക്കു പ്രവർത്തിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി. അവന്റെ തൃപ്തി പൂർണ്ണമായും കിട്ടുന്നതിനുവേണ്ടിയും ദുആ ചെയ്യുന്നു. രണ്ടാമതായി എന്റെ വീട്ടുകാർക്കുവേണ്ടി ദുആ ചെയ്യുന്നു. അവരിൽ നിന്ന് കൺകുളിർമ ലഭിക്കാൻ വേണ്ടിയും അല്ലാഹുവിന്റെ ഇഷ്ടങ്ങൾക്കൊത്ത് നടക്കുന്നതിനുവേണ്ടിയും ദുആ ചെയ്യുന്നു. പിന്നീട് ഞാനെന്റെ മക്കൾക്കുവേണ്ടി ദുആ ചെയ്യുന്നു. അവരെല്ലാവരും ദീനിന്റെ ഖുദ്ദാം ആയിത്തീരുന്നതിനുവേണ്ടി. നാലാമതായി പറഞ്ഞു, ഞാനെന്റെ ആത്മാർത്ഥരായ മിത്രങ്ങൾക്കുവേണ്ടി പേരെടുത്ത് ദുആ ചെയ്യുന്നു. അഞ്ചാമതായി പറഞ്ഞു, ഈ ജമാഅത്തിലുള്ള എല്ലാവർക്കുവേണ്ടിയും, അവർ അറിയുന്നവരാണെങ്കിലും അറിയാത്തവരാണെങ്കിലും അവർക്കു വേണ്ടി ദുആ ചെയ്യുന്നു.

അല്ലാഹു നമുക്ക് യഥാർത്ഥമായ നിലയിൽ അവനോടുള്ള കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഭാര്യാമക്കളിൽ നിന്ന് നമുക്ക് സമാധാനവും ശാന്തിയും ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിത്തരുമാറാകട്ടെ. നമ്മുടെ കണ്ണുകൾ കുളിർമയുള്ളതാക്കിത്തീർക്കുമാറാകട്ടെ. അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീർക്കുമാറാകട്ടെ. നന്മയിൽ നിലകൊള്ളുന്നവരാക്കുമാറാകട്ടെ. അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകേണ്ട നമ്മുടെ സമയം വരുമ്പോൾ, നമ്മുടെ പിന്നിൽ നാം സാത്വികരും ദീനുള്ളവരുമായ മക്കളെ വിട്ടുപോകുന്നുവെന്ന തൃപ്തിയോടെ പോകാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ.

ഇന്ന് ജൽസാസാലാനയും ആരംഭിക്കുകയാണ്. എന്നല്ല, ഈ ഖുത്ബയോടുകൂടി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ കരുതുന്നു. അല്ലാഹു തആല അതിലെ പരിപാടികളിൽ നിന്ന് നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ നിങ്ങൾ വന്നത് അത് പൂർത്തീകരിച്ചു തരുമാറാകട്ടെ. അതായത് നിങ്ങളുടെ റൂഹാനിയ്യത്തിനെ കൂടുതൽ തേച്ചുവെളുപ്പിച്ച് തിളക്കമുള്ളതാക്കുന്നതിനുവേണ്ടി, അതിനെ വർധിപ്പിക്കുന്നതിനുവേണ്ടി. ഈ ദിനങ്ങളിൽ പ്രത്യേകമായും ദുആകളിലും സ്വലാത്ത് ചൊല്ലുന്നതിലും കൂടുതൽ ശക്തി ചെലുത്തുക. നിങ്ങളുടെ സ്വഭാവത്തിന്റെ ഉന്നതമായ മാതൃക കാണിക്കുക. സഹിക്കാനുള്ള ശക്തി ഉണ്ടാക്കുക. ചെറിയ ചെറിയ കാര്യങ്ങളിൽ കോപിക്കേണ്ട ഒരു കാര്യവുമില്ല. സംഘാടകർ എപ്പോഴും നിങ്ങൾക്കു സേവനം ചെയ്യാൻ തയ്യാറായിട്ടുണ്ട്. അവർ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, ചെറിയ ചെറിയ പിഴവുകൾ സംഭവിക്കുകയാണെങ്കിൽ, അത് അവഗണിച്ചുകളയുക. മാപ്പു കൊടുക്കുന്ന ശീലമുണ്ടാക്കുക. അല്ലാഹുവിനുവേണ്ടി മൂന്നുദിവസം ബുദ്ധിമുട്ടു സഹിക്കേണ്ടിവന്നാൽ തന്നെ, ഒരു വ്യത്യാസവും ഉണ്ടാകാൻ പോകുന്നില്ല. എന്നാൽ ഇതിന്റെ പ്രതിഫലം അല്ലാഹുവിൽനിന്ന് ഒരുപാട് കിട്ടുന്നതുമാണ്. പരസ്പരം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്തമമാതൃക നിലനാട്ടുക. കുറച്ചാളുകൾക്ക് പരസ്പരം വിരോധമുണ്ടെങ്കിൽ, അത് അകറ്റുക. മറ്റുള്ളവർക്കു മാപ്പുകൊടുക്കുക. പരസ്പരം ഒന്നായിത്തീരുക. ഈ ജൽസ പൂർവ്വോപരി നിങ്ങൾക്ക് ബർക്കത്തിനു കാരണമായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 02 - 07 - 2004 at
Baithul Islam Masjid
Ontario, Canada.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**